# യേശു മരിക്കയും ഉയർക്കുകയും ചെയ്ത സമയത്തെ യെരുശലേം

"എല്ലാ റോഡുകളും റോമിലേക്ക്," എന്ന ഒരു ചോല്ലുണ്ടായി. റോമാ സാമ്രാജ്യത്തിന്റെ കേന്ദ്രമായിരുന്നു റോം – എന്നാൽ യേശുവിന്റെ മരണവും ഉയർപ്പും നടന്ന സമയത്ത് യെഹൂദന്മാരുടെ ശ്രദ്ധ മറ്റൊരു ദിക്കിലായിരുന്നു. "ആകാശത്തിൻ കീഴിലുള്ള സകല ദേശക്കാരും യെരുശലേമിൽ പെസഹ ആഘോഷിപ്പാൻ വന്നു ചേർന്നു": പർത്ഥ, മേദ്യ, എലാം, മെസൊപ്പൊത്തോമ്യ, യെഹൂദ്യ, കുപ്പദൊക്യ, പോന്തോസ്, ആസ്യ, പ്രുഗ്യ, പംഫുല്യ, മിസ്രയിം, ലിബിയ (കുറേനെ), റോം, ക്രേത്ത, അറബി(പ്രവൃത്തികൾ 2:9–11). ആ അസംഖ്യം ജനത്തിൽനിന്നും, പലരും "അവനെ ക്രൂശിക്ക" എന്ന് നിലവിളിച്ചു!

യേശുവിന്റെ മരണവും ഉയർപ്പും നടന്ന സമയത്തുണ്ടായിരുന്ന നിരവധി പേരടക്കം വലിയോരു പുരുഷാരം പെസഹ കഴിഞ്ഞ് അമ്പതാം ദിവസം പെന്തെകൊസ്തു ആഘോഷിക്കുവാൻ യെരുശലേമിൽ കൂടിവന്നു. പത്രൊസും ശേഷം അപ്പൊസ്തലന്മാരും ആദ്യ സുവിശേഷം പ്രസംഗിച്ചപ്പോൾ, ആ യെഹൂദന്മാരോട് അവർ പറഞ്ഞു, "... നിങ്ങൾ ക്രൂശിച്ച ആ യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചിരിക്കുന്നു" (പ്രവൃത്തികൾ 2:36). "അവർ അതു കേട്ടു, ഹൃദയത്തിൽ കുത്തുകൊണ്ടു ... സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു? എന്നു ചോദിച്ചു" (പ്രവൃത്തികൾ 2:37). അവരോട് പറഞ്ഞു, "നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:38). മൂവായിരത്തോളം പേർ സ്നാനമേല്ക്കുകയും സഭ സ്ഥാപിതമാകയും ചെയ്തു.

അന്ന്, ശ്രദ്ധാകേന്ദ്രം യെരുശലേമായിരുന്നു. സഭ ആരംഭിച്ചപ്പോൾ, ക്രിസ്ത്യാനികൾ പലരും നിർബ്ബന്ധമായും വിട്ടുപോകേണ്ടി വരുന്നതുവരെ യെരുശലേമിൽ തന്നെ പാർത്തു. പിന്നീട് ചിലർ സുവിശേഷവുമായി വിവിധ രാജ്യങ്ങളിലേക്ക് മടങ്ങിപ്പോയി.

## പല ദേശക്കാരെ യേശു യെരുശലേമിൽ കൂട്ടിവരുത്തി

